"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആലപ്പുഴ ജില്ലയിൽ കാവാലം ടെക്നിക്കൽ ഹൈ സ്കൂൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഭരണാനുമതി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു

**ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ.(സാധാ) നം.1139/2020/ഉ.വി.വ** തീയതി,തിരുവനന്തപുരം, 14/09/2020

പരാമർശം:- 1. സ.ഉ.(സാധാ) നം. 519/2020/ഉ.വി.വ തീയതി 08.04.2020.

2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 14.07.2020 - ലെ D4/25153/2013 നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം , ആലപ്പുഴ ജില്ലയിലെ കുന്നുമ്മ വില്ലേജിൽ ശ്രീ. ആൽഫിൻ ജെ. മാത്യുവിന്റെ ഉടമസ്ഥതയിലുള്ള ബ്ലോക്ക് നം. 18 ൽ 184/7 സർവ്വേ നമ്പറിലെ 5 ഏക്കർ 64 സെൻറ് വസ്തുവിൽ നിന്നും 3 ഏക്കർ സ്ഥലം കാവാലം ടെക്നിക്കൽ ഹൈസ്കൂളിനായി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2020-21 സാമ്പത്തിക വർഷത്തിൽ "2203-00-103-99-34-03-OC-OI-Plan" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ടെക്നിക്കൽ സ്കൂളുകളുടെ വികസനത്തിനായി അനുവദിച്ച 600/- ലക്ഷം രൂപയുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കാവാലം ടെക്നിക്കൽ ഹൈസ്കൂളിനായി സ്ഥലം ഏറ്റെടുക്കുന്നതിന് തുക വിനിയോഗിക്കാവുന്നതാണെന്ന വ്യവസ്ഥയും കൂടി ഉൾപ്പെടുത്തി പരാമർശം - (1) ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു

പരാമർശ പ്രകാരമുള്ള സർക്കാർ ഉത്തരവ് മേൽ പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്..

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**C AJAYAN**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്,

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ കളക്ടർ, ആലപ്പുഴ

റവന്യൂ (ബി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ